**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - ഫയർ & റെസ്ക്യൂ സർവ്വീസസ് - ഫയർ എൻ.ഒ.സി. ഫീസിനത്തിൽ ഒടുക്കിയ തുക റീഫണ്ട് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു-

---

ആഭ്യന്തര (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.**2620/2024/HOME** തീയതി,തിരുവനന്തപുരം, **06-09-2024**

---

പരാമർശം:- ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ **02.05.2023, 09.05.2024** തീയതികളിലെ **FIREHQ/933/2023-F2** നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കെ ടി തോമസ് (**late**), ടിയാന്റെ ഭാര്യ ശ്രീമതി.സാറാമ്മ, മക്കളായ ശ്രീ. കെ.ടി. തോമസ്, ശ്രീ. കെ.ടി.ലീപോൾ, ശ്രീ.കെ.ടി.കുര്യൻ കുഴിത്തട്ടിൽ കൊട്ടാരത്തിൽ വീട്, തൃപ്പൂണിത്തുറ. പി.ഒ., എസ്.എൻ.ജംഗ്ഷൻ-**682 301** എന്നീ വ്യക്തികൾ എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ നടമ വില്ലേജിൽ സർവ്വേ നം.**1219**-ൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിനു ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി പരിശോധന ഫീസ് ഇനത്തിൽ **68,574/-**രൂപ (അറുപത്തി എട്ടായിരത്തി അഞ്ഞൂറ്റിഎഴുപത്തിനാല് രൂപ മാത്രം) തൃപ്പൂണിത്തുറ സബ് ട്രഷറിയിൽ ഒടുക്കിയിരുന്നു. എന്നാൽ കെട്ടിടത്തിന്റെ ഉയരം **15** മീറ്ററിൽ താഴെയും **Built up area 1000** ച.മീറ്ററിൽ താഴെയുമായതിനാൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് പ്രകാരം ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമില്ലാത്തതിനാൽ പരിശോധന ഫീസിനത്തിൽ അടച്ച തുക തിരികെ ലഭ്യമാക്കുന്നതിന് ശ്രീമതി.സാറാമ്മ, മക്കളായ ശ്രീ. കെ.ടി. തോമസ്, ശ്രീ. കെ.ടി.ലീപോൾ, ശ്രീ.കെ.ടി.കുര്യൻ എന്നിവർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഫയർ എൻ.ഒ.സി. ഫീസിനത്തിൽ ഒടുക്കിയ പ്രസ്തുത തുക

0070-60-109-99 എന്ന ശീർഷകത്തിൽ നിന്നും തിരികെ നൽകുന്നതിന് അനുമതി അഭ്യർഥിച്ച് ഡയറക്ടർ ജനറൽ ശുപാർശ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഫയർ എൻ.ഒ.സി. ഫീസിനത്തിൽ ഒടുക്കിയ തുകയായ 68,574/-രൂപ (അറുപത്തി എട്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിനാല് രൂപ മാത്രം) മരണപെട്ട കെ.ടി. തോമസിന്റെ നിയമപരമായ അനന്തര അവകാശികളായ ഭാര്യ ശ്രീമതി. സാറാമ്മ, മക്കളായ ശ്രീ. കെ.ടി. തോമസ്, ശ്രീ. കെ.ടി. ലീപോൾ, ശ്രീ.കെ.ടി. കുര്യൻ കുഴിത്തട്ടിൽ കൊട്ടാരത്തിൽ വീട്, തൃപ്പൂണിത്തുറ. പി.ഒ., എന്നീ വ്യക്തികൾക്ക് 0070-60- 109-99 എന്ന ശീർഷകത്തിൽ നിന്നും റീഫണ്ട് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ARUN R B**

അണ്ടർ സെക്രട്ടറി

1) ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യു സർവ്വീസസ്, തിരുവനന്തപുരം.

2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരളം, തിരുവനന്തപുരം.

3)ശ്രീ. കെ.ടി. തോമസ്, കുഴിത്തട്ടിൽ കൊട്ടാരത്തിൽ വീട്, തൃപ്പൂണിത്തുറ.

പി.ഒ.,എസ്.എൻ.ജംഗ്ഷൻ, എറണാകുളം -682 301.

4) ട്രഷറി ഓഫീസർ, തൃപ്പൂണിത്തുറ സബ് ട്രഷറി, എറണാകുളം.

3) ധനകാര്യ വകുപ്പ് (21.08.2024-ലെ വ്യയം -ബി1/376/2023-ഫിൻ പ്രകാരം).

4)വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

5) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Shabeer S

Date: 06-09-2024 17:58:46